# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനുവരി 7

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

ബി.ടെക് എട്ടാം സെമസ്റ്റർ (പുതിയ സ്കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി 24നും ഏഴാം സെമസ്റ്റർ (പുതിയ സ്കീം - 2010 മുതൽ അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി 28നും അഞ്ചാം സെമസ്റ്റർ (പഴയ സ്കീം- 1997 - 2009 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി 24നും മൂന്നാം സെമസ്റ്റർ (പുതിയ സ്കീം - 2010 മുതൽ അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി 28നും മൂന്നാം സെമസ്റ്റർ (പഴയ സ്കീം - 1997 - 2009 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി 28നും ആരംഭിക്കും.

(പി.ആർ.ഒ./39/27/2019)

**പ്രാക്ടിക്കൽ**

2018 ഒക്ടോബർ/നവംബർ മാസങ്ങളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ. കഥകളി - ചെണ്ട, വേഷം, സംഗീതം (സി.ബി.സി.എസ്.എസ്. - റഗുലർ/റീഅപ്പിയറൻസ്), മൂന്നാം സെമസ്റ്റർ ബി.എ. കഥകളി - ചെണ്ട, വേഷം, സംഗീതം (സി.ബി.സി.എസ്. പുതിയ സ്കീം 2017 അഡ്മിഷൻ റഗുലർ/2013-2016 അഡ്മിഷൻ സി.ബി.സി.എസ്.എസ്. റീഅപ്പിയറൻസ് -കോർ/കോംപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ ജനുവരി 14 മുതൽ 17 വരെ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

നാലാം സെമസ്റ്റർ എം.സി.എ. നവംബർ/ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 15 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/28/2019)

**ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ; അപേക്ഷ തീയതി നീട്ടി**

മഹാത്മാ ഗാന്ധി സർവകലാശാല ബി.കോം. അഡീഷണൽ ഓപ്ഷണൽ/ഇലക്ടീവ് കോഴ്സ് പ്രൈവറ്റ് രജിസ്ട്രേഷൻ പ്രവേശനത്തിന് അപേക്ഷിക്കാനുള്ള തീയതി നീട്ടി. മറ്റേതെങ്കിലും കോഴ്സുകളിൽ പ്രവേശനം നേടി 2018 മെയ് 31നകം കോഴ്സ് പൂർത്തിയാക്കി 2019 ജനുവരി 10ന് മുമ്പ് കോഴ്സ് പാസായ വിദ്യാർഥികൾക്ക് ജനുവരി 10 വരെ പിഴയില്ലാതെ അപേക്ഷിക്കാം. 1000 രൂപ പിഴയോടെ ജനുവരി 11നും 2000 രൂപ പിഴയോടെ ജനുവരി 15 വരെയും അപേക്ഷിക്കാം. വിശദവിവരത്തിന് ഫോൺ: 0481 - 2733365.

(പി.ആർ.ഒ./39/29/2019)

**വാക്ക്-ഇൻ-ഇന്റർവ്യൂ**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ തലപ്പാടി കാമ്പസിൽ പ്രവർത്തിക്കുന്ന അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ ലാബ് അസിസ്റ്റന്റ് തെരഞ്ഞെടുപ്പിനായി ജനുവരി 14ന് രാവിലെ 11ന് വാക്-ഇൻ-ഇന്റർവ്യൂ നടക്കും. വിശദവിവരങ്ങൾ www.mgu.ac.in, www.iucbr.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും.

(പി.ആർ.ഒ./39/30/2019)

## <u>പരീക്ഷഫലം</u>

2018 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻസ് (പി.ജി.സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/31/2019)

## കേരളത്തിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഡച്ച് സാങ്കേതിക സഹായം ലഭ്യമാക്കും: വേണു രാജാമണി

കേരളത്തിലെ പ്രളയ ദുരന്തത്തിന്റെ ഭാഗമായുള്ള പുനർനിർമാണ പ്രവർത്തനങ്ങൾക്ക് ഡച്ച് സാങ്കേതികവിദഗ്ധരുടെ സേവനം ലഭ്യമാക്കുമെന്ന് നെതർലൻഡിലെ ഇന്ത്യൻ അംബാസിഡർ വേണു രാജാമണി. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസിലെ കെ.പി.എസ്. മേനോൻ ചെയർ സംഘടിപ്പിച്ച പരിപാടിയിൽ 'ഇന്ത്യ-നെതർലൻഡ് ബന്ധങ്ങൾ' എന്ന വിഷയത്തിൽ നയതന്ത്ര പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പ്രളയത്തെത്തുടർന്ന് പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നെതർലൻഡിൽ നിന്നുള്ള വിദഗ്ധർ കേരളത്തിലെത്തിയിരുന്നു. ഇന്ത്യയും നെതർലൻഡുമായുള്ള രാഷ്ട്രീയ-സാമ്പത്തിക-വിദ്യാഭ്യാസ ബന്ധങ്ങൾ ഏറ്റവും മെച്ചപ്പെട്ട നിലയിലാണുള്ളത്. നൂതന കാർഷിക സാങ്കേതിക വിദ്യകൾ, മാലിന്യസംസ്കരണം, ഭക്ഷ്യ സംസ്കരണം, നഗരാസൂത്രണം, മാലിന്യത്തിൽ നിന്നുള്ള ഊർജ്ജോല്പാദനം, നദീശുചീകരണം, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, സാനിറ്റേഷൻ എന്നീ മേഖലകളിൽ നെതർലൻഡുമായി സഹകരിച്ച് വിവിധ പദ്ധതികൾ ഇന്ത്യയിൽ പുരോഗമിക്കുന്നു.

ജല മാനേജ്മെന്റിലും ജലവുമായി ബന്ധപ്പെട്ട പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിലും ഏറ്റവും മികച്ച സാങ്കേതിക സഹായമാണ് നെതർലൻഡ് ലോകത്തിന് നൽകുന്നത്. ഇന്ത്യയിൽ നിക്ഷേപങ്ങൾ നടത്തുന്നതിൽ മൂന്നാം സ്ഥാനത്താണ് നെതർലൻഡ്. ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കാലം മുതൽ ഇന്ത്യയുമായും കേരളവുമായും നെതർലൻഡിന് വലിയ ബന്ധങ്ങളാണുള്ളത്. നെതർലൻഡിന്റെ ഇരുനൂറോളം കമ്പനികൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്രത്തോളം ഇന്ത്യൻ കമ്പനികൾ നെതർലൻഡിലുമുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സഹകരണം ഉറപ്പാക്കാനുള്ള എല്ലാ സഹായവും സർവകലാശാലയ്ക്ക് നൽകുമെന്നും അദ്ദേഹം പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മുഖ്യാതിഥിയായിരുന്നു. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് മേധാവി പ്രൊഫ. എ.എം. തോമസ്, ഡോ. എം.വി. ബിജുലാൽ എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസിലെ കെ.പി.എസ്. മേനോൻ ചെയർ സംഘടിപ്പിച്ച പരിപാടിയിൽ നെതർലൻഡിലെ ഇന്ത്യൻ അംബാസിഡർ വേണു രാജാമണി നയതന്ത്ര പ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ./39/32/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ